# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

## ALPS CHERPULASSERY SOUTH

# ആമുഖം

ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങള പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി പ്രാപ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും ഒരുക്കേണ്ടതുണ്ട്. സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതി ഉണ്ടാകുന്നു. വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുവാൻ സൗഹൃദമായ അന്തരീക്ഷം അനിവാര്യമാണ്. കാലാനുസൃതമായ മാറ്റങ്ങൾക്കനുസരിച്ച് പ്രശ്നങ്ങളെ സ്കൂൾ തലത്തിൽ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുകയും മുൻഗണന നിശ്ചയിച്ച് പ്രശ്നപരിഹാരപ്രവർത്തനങ്ങൾ നടപ്പിലാക്കുകയും വേണം. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും ആർജ്ജിച്ച് സമൂഹത്തെ മുന്നോട്ടുനയിക്കാൻ ഓരോ കുട്ടിയെയും പ്രാപ്തരാക്കുക എന്ന ആത്യന്തികലക്ഷ്യം കൈവരിക്കാൻ ഓരോരുത്തർക്കും കഴിയട്ടെ.

# മുഖ്യലക്ഷ്യങ്ങൾ.

* ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക.
* വിദ്യാലയത്തിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനനേട്ടങ്ങൾ ഉറപ്പുവരുത്തുക.
* പ്രതിഭാപോഷണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
* പിന്നോക്കക്കാരെ കണ്ടെത്തി അവരെ മുഖ്യധാരയിലെത്തിക്കാൻ പ്രത്യേക പഠനപാക്കേജ് SRG കൂടി തയ്യാറാക്കി നടപ്പിൽ വരുത്തുക.
* ഇംഗ്ലീഷ് ഭാഷയിൽ സംസാരിക്കാനും വായിക്കാനും സ്വന്തം രചനകൾ നടത്താനുമുള്ള കഴിവ് വളർത്തുക.
* ടാലന്റ് ലാബ് പ്രവർത്തനങ്ങൾ നടപ്പാക്കുക.
* പഠനനേട്ടങ്ങളും മികവുകളും സമൂഹത്തിനുമുന്നിൽ അവതരിപ്പിക്കാവുന്ന വിധത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
* സമഗ്ര ഗുണമേന്മാവിദ്യാഭ്യാസം ഉറപ്പാക്കാൻ ഉതകും വിധം ഭൗതികസാഹചര്യം മെച്ചപ്പെടുത്തുക.
* ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാ കുട്ടികൾക്കും ഒരുപോലെ പ്രാപ്യമാക്കുക.

* ഓരോ അധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുക.
* പാർശ്വവത്ക്കരിക്കപ്പെടുന്നും പ്രത്യേക പരിഗണനയർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുക.
* പ്രാദേശികവിഭവങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുക.

# 2025-26 അക്കാദമിക് വർഷത്തിൽ വിദ്യാലയം ഏറ്റെടുത്തു നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ.

| അക്കാദമികം | ഭൗതികം | സാമൂഹികം. |
|---|---|---|
| - ഭാഷാശേഷി വികസനം. | ലാബുകൾ സജ്ജീകരിക്കൽ. | SMC, SSG, PTA, MPTA ശക്തിപ്പെടുത്തൽ. |
| - ഇംഗ്ലീഷ് പഠന പരിപോഷണ പരിപാടികൾ | ലൈബ്രറി മെച്ചപ്പെടുത്തൽ. | പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം ഫലപ്രദമാക്കൽ. |
| - ഗണിതശേഷി ചതുഷ്ക്രിയകൾ, പ്രശ്നാപഗ്രഥനം എന്നിവയിലെ സമഗ്രവികാസം | സ്കൂൾ കെട്ടിടം, ചുറ്റുമതിൽ എന്നിവ ആകർഷകമാക്കുക. | ക്ലബ്ബുകൾ, സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വ അധ്യാപകർ എന്നിവരുടെ പ്രവർത്തനങ്ങൾ സ്കൂളിനായി പ്രയോജനപ്പെടുത്തുക. |
| - ശാസ്ത്രപോഷണ പരിപാടികൾ | സ്റ്റേജിന് മേൽക്കൂരയും നിലത്ത് ടൈലും പാകി പഠനാവശ്യത്തിനായി സജ്ജമാക്കുക. | സാമൂഹ്യ മാധ്യമങ്ങളിലൂടെ സ്കൂളിന്റെ മികവുകൾ പൊതുജനങ്ങളിലെത്തിക്കുക. |
| - വായനാപരിപോഷണം. | മേൽക്കൂരയിലെ കഴുക്കോൽ മാറ്റി ഇരുമ്പാക്കുക. | പ്രതിഭാസംഗമം സംഘടിപ്പിക്കുക |
| - ലൈബ്രറി വിപുലപ്പെടുത്തൽ | മനോഹരമായ പൂന്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവ ഒരുക്കുക | വിദ്യാലയ വിഭവങ്ങൾ പൊതുസമൂഹത്തിനു കൂടി പ്രയോജനപ്പെടുത്തുക. |
| - CPTA സജീവമാക്കൽ | | |
| - സ്കൂൾ പത്രം, മാസിക മികവുറ്റതാക്കൽ. | | |
| - വിദ്യാരംഗം കലാസാഹിത്യവേദി സജീവമാക്കൽ | | |

# പദ്ധതി വിശദീകരണം.

## അക്കാദമികം.

1. ഭാഷാശേഷി വികസന പ്രവർത്തനങ്ങൾ

| പരിപാടിയുടെ പേര് | വിശദാംശങ്ങൾ | ക്ലാസ് | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| സചിത്ര നോട്ടുപുസ്തകം, സംയുക്ത ഡയറി | കുട്ടികളുടെ സർഗാത്മക കഴിവുകൾ ഉൾപ്പെടുത്തി രക്ഷിതാവിന്റെ സഹായത്തോടെ നടത്തിയും പിന്നീട് ഒരുക്കം എഴുതിത്തയ്യാറാക്കൽ | 1,2 | 10 മാസം | ക്ലാസ് ടീച്ചേഴ്സ് | |
| റീഡേഴ്സ് തിയേറ്റർ | ആശയപൂർണമായി വായനയും കഥാപാത്രത്തിന്റെ വൈകാരികതലങ്ങൾ കൊണ്ടും വായിക്കുന്നു. | 1 to 4 | 10 മാസം | ക്ലാസ് ടീച്ചേഴ്സ് | |
| പാട്ടരങ്ങ് കാവ്യോത്സവം | മടിയില്ലാതെ ഉച്ചത്തിൽ ഉചിതമായ ഭാവത്തിലും താളത്തിലും ചൊല്ലുന്നതിന് കുട്ടിയെ തയ്യാറാക്കുക. | 1 to 4 | 10 മാസം | ക്ലാസ് ടീച്ചേഴ്സ് | |
| ക്ലാസ്റേഡിയോ | സ്കൂളിൽ ഓരോ ദിവസവും നടന്ന കാര്യങ്ങൾ വാർത്തകളാക്കി അവതരിപ്പിക്കൽ. സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കൽ | 3,4 | 10 മാസം | ക്ലാസ് ടീച്ചേഴ്സ് | |

| | | | | | |
|---|---|---|---|---|---|
| സ്ക്കൂൾ പഠനം. | കുട്ടികൾ ക്ലാസ് പ്രവർത്തനങ്ങളുടെ ഭാഗമായും അല്ലാതെയും തയ്യാറാക്കുന്ന സൃഷ്ടികളുടെ ശേഖരണം. | 1 to 4 | 10ദിവസം | ക്ലാസ് ടീച്ചേഴ്സ്, SRG | |

## 2. ഇംഗ്ലീഷ് പഠന പരിപോഷണ പരിപാടികൾ.

| പരിപാടിയുടെ പേര് | വിശദാംശങ്ങൾ | ക്ലാസ് | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| Language aquisition through theatre and art | Provides opportunities to express units through puppet show, role play, skit, mime, readers theatre. | 1 to 4 | June to March | class Teachers | PTA |
| English Diary | An opportunity to write down daily activities at home and school in creative way. | 1 to 4 | June to March | class Teachers | |
| English assembly. | To speak fluently and face a group of persons with out any fear. | 1 to 4 | once in a week | Class Teachers | |
| English Magazine | To encourage children's creativity. | 1 to 4 | once in three Month | class Teachers | PTA class Teachers |
| English Fest | A space to show different talents of children. | 1 to 4 | February | class Teachers, English club | PTA |

# 3. ഗണിതശേഷി പരിപോഷണ പരിപാടികൾ.

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം ഗണിതകേളികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ | ഏണിയും പാമ്പും ഡയസ്, വിവിധ പസിലുകൾ, മാന്ത്രികതന്ത്രങ്ങൾ എല്ലാം എല്ലാതലത്തിലും പെട്ട കുട്ടികൾക്ക് അനുയോജ്യമായ രീതിയിൽ ആസൂത്രണം ചെയ്ത് അവതരിപ്പിക്കുന്നു. | 10 മിനം | ക്ലാസ്ടീച്ചർ | |
| നിർമ്മാണപ്രവർത്തനങ്ങൾ | ടാൻഗ്രാം, ജ്യാമിതീയരൂപങ്ങൾ, ജ്യോമടക്കൽ ചിത്രങ്ങൾ ഒറിഗാമി. എന്നീ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി നൽകൽ. | 10 മിനം | ക്ലാസ് ടീച്ചർ. | PTA Class Teacher |
| ചോദ്യനിർമ്മാണ ശില്പശാല | പ്രശ്നപരിഹരണ ചോദ്യങ്ങൾ രക്ഷിതാക്കളും കുട്ടികളും ചേർന്ന് തയ്യാറാക്കുന്നു | ടേമിൽ 1 തവണ | SRG | SRG PTA |
| ശില്പശാല | ഗണിതപഠനത്തിനാവശ്യമായ പഠനോപകരണങ്ങൾ രക്ഷിതാക്കളുടെ സഹകരണത്തോടെ നിർമ്മിക്കും. | One day | SRG | SRG PTA |

| | | | | |
|---|---|---|---|---|
| ഗണിത മേള | വിവിധ ഗണിത ശേഷികളുടെ പ്രകടനം | ഡിസംബർ മാസത്തിൽ | ഗണിത ക്ലബ്ബ് ക്ലാസ് ടീച്ചർ | SRG |
| ഗണിതമൂല | ഗണിതപഠന സാമഗ്രികൾ ഒരുക്കൽ | ജൂൺ | ക്ലാസ് ടീച്ചർ | |

## 4. ശാസ്ത്ര പരിപോഷണ പരിപാടികൾ

| പ്രവർത്തനം | വിശദാംശങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ശാസ്ത്രമൂല | ശാസ്ത്രപഠനത്തിനാവശ്യമായ എല്ലാ സാമഗ്രികളും കുട്ടികൾക്ക് യഥേഷ്ടം ഉപയോഗിക്കാനുള്ള വിധം സജ്ജീകരിക്കൽ. | June July | ക്ലാസ് ടീച്ചർ SRG. | old students |
| ബുള്ളറ്റിൻ ബോർഡ് | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | June to March | class Teacher | |
| ചിൽഡ്രൻസ് ലാബ് | പാഠഭാഗവുമായി ബന്ധപ്പെട്ട ആശയവ്യക്തത കൈവരിക്കാൻ നിരീക്ഷണങ്ങളിലൂടെ അറിവു നിർമ്മാണം. | യൂണിറ്റ് അവതരണ സമയം ആവശ്യമുള്ളപ്പോൾ | class Teacher. | SRG |

| | | | | |
|---|---|---|---|---|
| സ്കൂൾ ഇലക്ഷൻ | ക്ലാസ് ലീഡർ/ സ്കൂൾ ലീഡർ എന്നിവരെ ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കുന്നു. | July | ശാസ്ത്രക്ലബ് | |
| ശാസ്ത്ര ക്ലബ് | ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ മറ്റുപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കൽ | June | ശാസ്ത്രക്ലബ് | |

## 5. വായനപരിപോഷണ പരിപാടി.

| പ്രവർത്തനം | വിശദാംശങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| വായനാസാമഗ്രികൾ ഒരുക്കൽ | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ തരം തിരിച്ച് റെഡിയാക്കി വെക്കൽ. | May. | SRG | |
| കുഞ്ഞുവായന | കൊച്ചുപുസ്തകങ്ങൾ വായിച്ച് ശേഷം കഥ പറയൽ. | June to March | Class Teacher | |
| വായന മത്സരം | പുസ്തകവായന ഭാവാത്മകമായി ക്ലാസ് തലം സ്കൂൾ തലം | Once in a month | Class Teacher | |

| | | | |
|---|---|---|---|
| വായനാ ദിനം അമ്മ വായന | കുട്ടികൾക്കായി അമ്മമാർ കഥ വായിക്കുന്നു- | June July August | ഭാഷാ ക്ലബ് |
| റീഡേഴ്സ് തിയേറ്റർ | അസംബ്ലിയിലോ ക്ലാസിലോ ഒരു കഥ ഭാവത്തോടെ വായിക്കുന്നു. കഥാപാത്രങ്ങൾ അവരവരുടെ ഭാഗം വായന | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചേഴ്സ് |
| ലൈബ്രറി വിപുലീകരണം | പിറന്നാളിനോടനുബന്ധിച്ചും sponser മാരിൽ നിന്നും പുസ്തകം ശേഖരിക്കൽ. | വർഷം മുഴുവൻ | Class Teachers |
| വായനാ കാർഡ് നിർമ്മാണം. | അമ്മമാരും കുട്ടികളും ചേർന്ന് വായനക്കാർഡ് നിർമ്മാണം. തയ്യാറാക്കിയവ മാറി മാറി വായിച്ച് ഗ്രൂപ്പിൽ voice ഇടട്ടെ. | വർഷം മുഴുവൻ | Class Teachers. |
| ഞാൻ വായിച്ച കഥ | കുട്ടി വായിച്ച കഥ മറ്റു കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു | വർഷം മുഴുവൻ | Class Teachers |

## 6. CPTA സജീവമാക്കൽ.

| പ്രവർത്തനം | വിശദാംശങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| രക്ഷിതാവിന് ഹാജർ സമ്മാനം | ഓരോ ക്ലാസ് PTA ക്കും വരുന്നവരുടെ ഹാജർ രേഖപ്പെടുത്തി കൂടുതൽ ഹാജർ ഉള്ളവർക്ക് സമ്മാനം നൽകുകയും ചെയ്യുക | വർഷം മുഴുവൻ | Class Teacher | SRG |
| CPTA യിൽ സർഗാത്മക അവതരണം. | ക്ലാസ്സുമായി ബന്ധപ്പെട്ട് കുട്ടികൾ പഠിച്ച കാര്യങ്ങൾ സർഗാത്മകമായി അവതരിപ്പിക്കൽ | വർഷം മുഴുവൻ | Class Teacher | SRG |

## 7. സ്കൂൾ പത്രം, മാസിക മികവുറ്റതാക്കൽ

| പ്രവർത്തനം. | വിശദാംശങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ആഴ്ച ഒരു പത്രം. | ആഴ്ചയിൽ സ്കൂളിൽ നടന്ന സംഭവങ്ങളെല്ലാം ചേർത്ത് പത്രം തയ്യാറാക്കൽ. ക്ലാസ്തല പ്രവർത്തനങ്ങളുടെ മികവുകളും ഉൾച്ചേർത്ത് മികവുറ്റ പത്രം തയ്യാറാക്കൽ | June to March | Class teacher & SRG | SRG |

| | | | | |
|---|---|---|---|---|
| മാസിക തയ്യാറാക്കൽ. | കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി 3 മാസത്തിലൊരിക്കൽ മാസിക തയ്യാറാക്കൽ. printed or written. | മൂന്ന് മാസത്തിലൊരിക്കൽ | SRG | SRG |
| അമ്മ മാസിക. | കുട്ടികളുടെ രക്ഷിതാക്കളുടെ സൃഷ്ടികൾ ഉൾപ്പെടുത്തി മാസിക തയ്യാറാക്കൽ. | വർഷത്തിൽ 2 തവണ | SRG PTA | — |

## 8. ക്ലബുകൾ സജീവമാക്കൽ.

| പ്രവർത്തനം | വിശദാംശങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| വിദ്യാരംഗം കലാസാഹിത്യവേദി സജീവമാക്കൽ. | രചനാശില്പശാല, നാടകശില്പശാല, എന്നിവ സംഘടിപ്പിക്കൽ. | Once in a year | SRG | SRG |
| ഭാഷാ ക്ലബ് പരിപോഷിപ്പിക്കൽ | ക്ലബിന്റെ നേതൃത്വത്തിൽ സാഹിത്യകാരൻമാരുടെ ജീവിതരേഖ തയ്യാറാക്കൽ ഡോക്യുമെന്ററി പ്രദർശനം, വ്യക്തി പരിചയം ഒരുക്കൽ | June to March. പ്രധാന ദിവസങ്ങളിൽ | SRG - | |

| | | | | |
|---|---|---|---|---|
| ഗണിതക്ലബ് വിദഗ്ധരുടെ ക്ലാസ് . | ഗണിതോപകരണ ശില്പശാല, ഗണിത വിസ്മയങ്ങൾ പരിചയപ്പെടാൻ വിദഗ്ധരുടെ ക്ലാസ് | Once in a year | SRG | SRG. |
| ഇക്കോ ക്ലബ് സജീവമാക്കൽ. | പരിസരശുചിത്വം, വ്യക്തിശുചിത്വം എന്നിവയ്ക്ക് ഊന്നൽ നൽകി ശാസ്ത്രീയമായ മാലിന്യസംസ്കരണം, ബോധവത്കരണ പരിപാടികൾ, പച്ചക്കറിത്തോട്ടം ഒരുക്കൽ | വർഷം മുഴുവൻ | SRG PTA class teacher | SRG |
| ഇംഗ്ലീഷ് ക്ലബ് പരിപോഷണം | വിദഗ്ധരുടെ ക്ലാസ്, അസംബ്ലി സംഘടിപ്പിക്കൽ, Stage management Magazine തയ്യാറാക്കൽ | June to March. | SRG class teacher | |
| | | | | |

# ഭൗതികം.

| പ്രവർത്തനം | വിശദാംശം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലൈബ്രറി ലാബ് സജ്ജീകരണം. | ശാസ്ത്രലാബ്, ഗണിതലാബ്, IT ലാബ് എന്നിവ കുട്ടികൾക്കിണങ്ങുന്ന രീതിയിലും ആവശ്യത്തിനനുസരിച്ച് എടുത്ത് ഉപയോഗിക്കാവുന്ന രീതിയിൽ സജ്ജീകരിക്കൽ | June July | SRG | old students. |
| | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ലൈബ്രറി പുസ്തകങ്ങൾ ക്രമീകരിച്ചുവെക്കൽ | June July | SRG Class Teachers. | |
| കെട്ടിടം ചുറ്റുമതിൽ ആകർഷകമാക്കൽ | കുട്ടികളുടെ പഠനാവശ്യങ്ങൾക്ക് ഉപകരിക്കുന്ന രീതിയിൽ ചുവർ, ചുറ്റുമതിൽ എന്നിവ മോടിപിടിപ്പിക്കൽ. | | PTA Management | old students Manager |

| | | | | |
|---|---|---|---|---|
| മനോഹരമായ പൂന്തോട്ടം, പച്ചക്കറിത്തോട്ടം ഒരുക്കൽ | മഴക്കാലത്തോടെ പൂന്തോട്ടം തയ്യാറാക്കലും പച്ചക്കറിത്തോട്ടം ഒരുക്കലും ; | July & August | PTA Teachers | PTA Teachers |

# സാമൂഹികം.

| പ്രവർത്തനം | വിശദാംശം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യ മാധ്യമങ്ങളിലൂടെ സ്കൂളിന്റെ മികവുകൾ പൊതു ജനങ്ങളിലേക്കെത്തിക്കുക. | കുട്ടികളുടെ മികവുകളിലൂടെ സ്കൂളിന്റെ മികവുകൾ പൊതു സമൂഹത്തിലേക്കെത്തിക്കൽ. | June to March | class Teacher SRG PTA | - |
| പ്രതിഭാ സംഗമം. | സ്കൂളിൽ പഠിച്ച് മിടുക്കരായവരുടെയും സ്കൂളിലെ സമീപ പ്രദേശങ്ങളിലെയും പ്രതിഭകളുടെ സംഗമം സംഘടിപ്പിക്കൽ | December. | SRG. | SRG old Students. |

| | | | | |
|---|---|---|---|---|
| SMC<br>SSG<br>PTA<br>MPTA<br>ശക്തിപ്പെടുത്തൽ | PTA യോഗങ്ങളിൽ രക്ഷിതാവിന്റെ സാന്നിധ്യം ഉറപ്പാക്കലും സ്കൂളിന്റെ വികസന കാര്യമായ പ്രവർത്തനങ്ങളിൽ SMC, SSG പങ്കാളിത്തം വർദ്ധിപ്പിക്കലും. | June to March | SRG | - |